ഉത്തരായനം ഗസ്റ്റ് ഹൗസിന്റെ അറ്റകുറ്റപ്പണികൾ ചെയ്യാനും കാര്യക്ഷമമായി നടത്താനും നടപടി

119 (3073) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയ്ക്ക് ചുരുങ്ങിയ ചെലവിൽ താമസ സൗകര്യം നൽകിയിരുന്ന ഉത്തരായനം എന്ന ഗസ്റ്റ് ഹൗസിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനം അടുത്തകാലത്ത് അടച്ചുപൂട്ടുകയുണ്ടായോ ;

(സി) എങ്കിൽ അടച്ചുപൂട്ടാനുള്ള കാരണങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടുന്ന സമയത്ത് താമസക്കാരിൽ നിന്ന് ഈടാക്കിയിരുന്ന ചാർജ്ജ് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇവിടെ താമസത്തിന് നൽകാനായി എത്ര മുറികളാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ സ്ഥാപനം അടിയന്തിരമായി അറ്റകുറ്റ പണികൾ ചെയ്യാനും കാര്യക്ഷമമായി നടത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഈ ഗസ്റ്റ് ഹൗസിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടില്ല.

(ബി) ഉണ്ട്.

(സി) കരാറുകാരൻ ഭീമമായ തുക ലൈസൻസ് ഫീസിനത്തിൽ കൂടിശ്ശിക വരുത്തിയതിനാലും, കരാർ ഉടമ്പടി സമർപ്പിക്കാതിരുന്നതിനാലുമാണ് ടി സ്ഥാപനം അടച്ചുപൂട്ടേണ്ടിവന്നത്.

(ഡി) പ്രതിദിനം 60 രൂപ, 45 രൂപ, 30 രൂപ, 20 രൂപ എന്നീ നിരക്കിലാണ് മുറികൾക്ക് വാടക ഈടാക്കിയിരുന്നത്.

(ഇ) 71 മുറികൾ.

(എഫ്) തിരുവനന്തപുരം നഗരസഭ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly